ആർ.ആർ.6/12815/2006

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ
ആഫീസ്, തിരുവനന്തപുരം തീയതി 19-3-2007

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ,
എല്ലാ ജില്ലാ രജിസ്ട്രാർമാർ (ജനറൽ),
എല്ലാ ജില്ലാ രജിസ്ട്രാർമാർ (ഓഡിറ്റ്),

സർ,

വിഷയം: രജിസ്ട്രേഷൻ വകുപ്പ് - കേരള മുദ്രപത്ര നിയമം (കരണങ്ങളിൽ വില കുറച്ചുവെക്കുന്നത് തടയൽ) ചട്ടങ്ങൾ - ചട്ടഭേദഗതി നടപ്പാക്കുന്നത്- സംബന്ധിച്ച്

സൂചന :1. 17-2-2007 തീയതിയിലെ SRO 153/2007 നമ്പർ വിജ്ഞാപനം.

2. ഈ ഓഫീസിലെ 15-03-2007 തീയതിയിലെ ഇതേ നമ്പർ കത്ത്

3. ഓൾ കേരളാ ഡോക്യുമെന്റ് റൈറ്റേഴ്സ് & സ്ക്രൈബ്സ് അസോസിയേഷന്റെ തിയതി വെച്ചിട്ടില്ലാത്ത പണിമുടക്ക് നോട്ടീസ്

മുകളിൽ പരാമർശിച്ച പണിമുടക്ക് നോട്ടീസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി അവർകളുടെ ചേമ്പറിൽ വെച്ചു നടന്ന യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ആധാരത്തിൽ വെയ്ക്കേണ്ട അനുബന്ധം ഫോറം 1 ബി യിൽ ഉള്ള പിശകുകളുടേയോ അപാകതകളുടേയോ അടിസ്ഥാനത്തിൽ ആധാരം മടക്കി നൽകാൻ പാടുള്ളതല്ല. അനുബന്ധം ഫോറം 1 ബി ആധാരത്തോടൊപ്പം ഇല്ലെങ്കിൽ മാത്രം ആധാരം മടക്കുവാൻ പാടുള്ളൂ.

2 അനുബന്ധം ഫോറം 1 ബിയിലെ 5,6,7,8 കോളങ്ങളിൽ വില എഴുതേണ്ടതില്ല. വില ഒഴികെയുള്ള വിവരങ്ങൾ എഴുതിയാൽ മതിയാകും.

3. അനുബന്ധം ഫോറം 1 ബി യിൽ വരുന്ന പിശകുകൾ പരിഹരിക്കുന്നതു സംബന്ധിച്ച പിഴതിരുത്താധാരങ്ങളിൽ മെറ്റീരിയൽ ചെയിഞ്ച് ഇല്ലാത്ത കേസ്സുകളിൽ മുദ്രവില ഈടാക്കാൻ പാടുള്ളതല്ല.

4. ഫെയർ വാല്യൂ നടപ്പിലാകുന്നതു വരെ ധാരണവില (ഗൈഡ് ലൈൻ വാല്യൂ) ശരിയായി കാണിച്ചിട്ടുള്ള ആധാരങ്ങളിൽ, ഫ്ളാറ്റ് ഒഴികെയുള്ള കേസ്സുകളിൽ, അനുബന്ധം ഫോറം 1 ബിയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല.

5. ഭാഗപത്രങ്ങളോടൊപ്പം അനുബന്ധം ഫോറം 1 ബി വെയ്ക്കേണ്ടതില്ല.

വാർഷിക കെട്ടിട നികുതി സംബന്ധിച്ച് നാളിതുവരെയുള്ള മുഴുവൻ നികുതിയും ഒടുക്കി രശീതി ഹാജരാക്കണമെന്ന് കക്ഷികളെ നിർബന്ധിക്കാൻ പാടുള്ളതല്ല. കെട്ടിടമില്ലാത്ത കേസുകളിൽ കെട്ടിടമില്ല എന്ന വിവരം അനുബന്ധം ഫോറം ബിയിലെ II-ാം ഭാഗത്ത് രേഖപ്പെടുത്തിയാൽ മതിയാകും. കക്ഷികൾ ഫോറത്തിൽ ചേർത്ത് നൽകുന്ന വിവരങ്ങൾ ഉത്തമവിശ്വാസത്തിലെടുക്കേണ്ടതും കക്ഷികൾക്ക് അനാവശ്യ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ലായെന്നുറപ്പു വരുത്തേണ്ടതുമാണ്.

(ഒപ്പ്)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ